

# വിശുദ്ധ കുർബാനയുടെ തിരുനാൾ

ഡീ. ലിബിൻ കിഴക്കേഭാഗം

അധികം ഒന്നും കേട്ടുശീലിച്ചിട്ടില്ലാത്ത, ഒത്തിരി ഒന്നും ആഘോഷിച്ച് പതിവില്ലാത്ത ഒരു തിരുനാളാണ് Corpus Christi – ദിവ്യകാരുണ്യ സാന്നിധ്യതിരുനാൾ. ഏവർക്കും ഒത്തിരി സ്നേഹത്തോടെ ഈ തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

അത്യുന്നതങ്ങളിൽ ദൈവത്തിന് വെടിയും പുകയും ഭൂമിയിൽ മനുഷ്യർക്ക് അപ്പവും ഇറച്ചിയും എന്ന നമ്മൾ തമാശരൂപേണ പറയാറുണ്ട്. അത്യുന്നതനായ ദൈവത്തിന് വെടിയും പുകയുമൊക്കെ സമ്മാനിച്ചിട്ട്, ഭൂമിയിൽ നമ്മൾ നല്ല ഭക്ഷണമൊക്കെ കഴിച്ച് തിരുനാളുകൾ ആഘോഷിക്കും. അതാണ് നമ്മുടെ പതിവും, ശീലവുമൊക്കെ. കാലങ്ങളായി കാര്യങ്ങൾ ഇതുപോലെ തന്നെ. അതിരുകടന്ന ആഘോഷങ്ങൾ തിരുനാളിന്റെ ആദ്ധ്യാത്മികതയെ നശിപ്പിക്കും എന്ന ആരോപണങ്ങൾ ഏറെയുള്ള ഈ കാലഘട്ടത്തിൽ, ഒത്തിരി ആഘോഷങ്ങളൊന്നുമില്ലാതെ കടന്ന് വരുന്ന ഈ ദിവ്യകാരുണ്യ സാന്നിധ്യതിരുനാൾ തരുന്ന ചിന്തകൾ ഏറെയാണ്.

വിശുദ്ധ കുർബാനയിൽ യേശുവിന്റെ യഥാർത്ഥ സാന്നിധ്യത്തെയാണ് ഈ തിരുനാൾ പരിചിന്തനത്തിനായി നൽകുക. 1200–കളിൽ ബൽജിയത്ത് ജീവിച്ചിരുന്ന ജൂലിയാനോ എന്ന അഗസ്റ്റിനീയൻ സന്യാസിനിയ്ക്ക് ഉണ്ടായ ദിവ്യകാരുണ്യദർശനത്തിൽ നിന്നാണ് ഈ തിരുനാളിന് തുടക്കം കുറിക്കുന്നത്. പിന്നീട്, 1264–ൽ പോപ്പ് അർബൻ 4–ാമൻ ഈ തിരുനാളിനെ ഔദ്യോഗികമായി അംഗീകരിക്കയുണ്ടായി. അങ്ങനെ, പരിശുദ്ധ കുർബാനയുടെ തിരുനാൾ അല്ലെങ്കിൽ ഓർമ്മ, ഒരു പെസഹാതിരുനാളിൽ മാത്രം ഒതുങ്ങാതെ

പരിശുദ്ധ കുർബാന എന്നത് മനുഷ്യനോട് കൂടിയുള്ള ദൈവത്തിന്റെ സജീവസാന്നിധ്യത്തിന്റെ ഓർമ്മ പുതുക്കലും കൂടിയാണ് എന്ന തിരിച്ചറിവ് നൽകുന്ന ഒരു തിരുനാളായി സഭാചരിത്രത്തിൽ ഇടം പിടിച്ചിരിക്കുന്നു.

സൗമ്യമായ അടയാളങ്ങളോട് കൂടെയാണ് ദൈവം മനുഷ്യചരിത്രത്തിൽ ഇടപെടലുകൾ നടത്തുക. രാജാക്കന്മാരുടെ പുസ്തകത്തിൽ പ്രവാചകൻ ദൈവത്തിന്റെ വെളിപെടലുകൾക്കായി കാത്തിരിക്കുന്നതായി നാം വായിക്കുന്നു. "ആദ്യം അഗ്നിനാളം ഇറങ്ങിവന്നു; അതിൽ ദൈവമില്ലായിരുന്നു; പിന്നീട് ഭൂകമ്പം, കൊടുങ്കാറ്റ് എന്നിവയും; അതിലും ദൈവമില്ലായിരുന്നു. ഇങ്ങനെ ദൈവത്തെ തേടുന്ന പ്രവാചകനിലേക്ക് ഒരു ശാന്തമായ മന്ത്രണം കേട്ടു "പ്രവാചകാ" എന്ന്. ആ മന്ത്രണത്തിൽ അയാൾ ദൈവത്തെ കണ്ടു." അതെ, ദൈവം ഇങ്ങനെയാണ്; വിസ്മയങ്ങളുടെ അകമ്പടി ഒന്നുമില്ലാതെ അവൻ ശാന്തമായി വന്നണയും.

കേവലം ഒരു വാക്ക് കൊണ്ട് ലോകം മുഴുവൻ സൃഷ്ടിച്ചവൻ പിന്നീട് നിസ്സാരമായ, ഒരു ചെറു അടയാളം കൊണ്ട് അനുദിനം നമ്മിലേക്കിറങ്ങി വരുന്നു. എന്നിട്ട് തന്റെ സാന്നിധ്യം കൊണ്ട് നമ്മെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു; യാതൊരു വ്യത്യാസങ്ങളില്ലാതെ, സ്വർണ്ണം പൂശിയ അരുളിക്കായ്ക്കുള്ളിലും, ഒരു ചെറിയ മരപ്പെട്ടിക്കുള്ളിലും അവിടുത്തെ സാന്നിധ്യത്തിന് വ്യത്യാസങ്ങളൊന്നുമില്ല. ലോകത്തിലെ ഏതു വലിയ ദേവാലയത്തിനുള്ളിൽ ഇരുന്നാലും, ദേവാലയമെന്ന് വിശേഷിപ്പിക്കാവുന്ന ഒരു കുടിലിനുള്ളിൽ ഇരുന്നാലും അവിടുത്തെ സാന്നിധ്യത്തിന് യാതൊരു വ്യത്യാസവുമില്ല. ലോകത്തിലെ ഏറ്റം വലിയ ധനികന്റെ നാവിലും, ഒരു പാവപ്പെട്ടവന്റെ നാവിലും അവിടുന്ന് അലിയുന്നുണ്ട്. അത്രമാത്രം സാന്നിധ്യം കൊണ്ട് തുല്യതയും വിളിച്ചപേക്ഷിക്കുന്നവർക്ക് ഉത്തരവുമായ് അവിടുന്ന് തുടരുന്നു. ഇനി വ്യത്യാസം വരേണ്ടത് നമ്മുടെയൊക്കെ കാഴ്ചപ്പാടുകളിലും, വീക്ഷണങ്ങളിലും മാത്രം.

ക്രിസ്തു എന്തിന് അപ്പമായി എന്നത് പലവുരു ആവർത്തിക്കപ്പെട്ടതും, പലരാലും പലയാവർത്തി ഉത്തരം നൽകപ്പെട്ടതാണെങ്കിലും, മനസ്സിന് സംതൃപ്തി നൽകുന്ന ഉത്തരം ഇതായിരുന്നു. "കാലങ്ങളായി മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നതും, ദൈവസാന്നിധ്യത്തിലേക്ക് കടന്നുവരുന്നതും വിഗ്രഹങ്ങളിലൂടെയും, മൂർത്തികളിലൂടെയുമാണ്. എന്നാൽ വിഗ്രഹത്തിന്റെ സ്ഥാനം മനുഷ്യശരീരത്തിന് പുറത്താണ്. വിഗ്രഹമിരിക്കുന്ന ദേവാലയവും ദൈവമൊഴികളടങ്ങിയ വേദപുസ്തകവും ദൈവത്തിന്റെ പേരിൽ നടത്തപ്പെടുന്ന തിരുനാളുകളും ഉത്സവങ്ങളും ആഘോഷങ്ങളും എല്ലാം മനുഷ്യശരീരത്തിന് പുറത്ത് തന്നെ. എല്ലാം ബാഹ്യമായ കാര്യങ്ങൾ തന്നെ. ഒന്നും ആന്തരികതയിലേക്ക് കയറുന്നില്ല. ഉള്ളിലേക്ക് പ്രവേശിക്കുന്നത് അപ്പം മാത്രം. അതിനാൽ അവിടുന്ന് അപ്പമായി നമ്മുടെ ജീവന്റെ ഭാഗമായി മാറുന്നു. കാലങ്ങളായി ഈ ദൈവസാന്നിധ്യം നമ്മോട് കൂടെയുണ്ട്, നമ്മൾ തിരിച്ചറിയുന്നില്ല എന്ന് മാത്രം.

ഒരിക്കലൊരു ഗുരു ഒരു വിശുദ്ധ നഗരത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുകയാണ്. യാത്രമദ്ധ്യേ ക്ഷീണിതനായി ഗുരു ഒരു കടത്തിണ്ണയിൽ കാലുനീട്ടിയിരുന്നു. വഴിയെ ഒരുപാട് പേർ നടന്നുപോകുന്നു. അതിൽ ഒരു യാത്രികൻ തെല്ല് പരിഭവത്തോടെ, ദേഷ്യത്തോടെ ചോദിച്ചു. 'ഹേയ് മനുഷ്യാ താൻ എന്താണ് കാട്ടുന്നത്? ദൈവത്തിന്റെ വിശുദ്ധ സാന്നിധ്യം തുളുമ്പി നിൽക്കുന്ന ഈ വിശുദ്ധ നഗരത്തിന്റെ നേരേയാണോ താൻ കാലും നീട്ടിയിരിക്കുന്നത്? എന്ന് ചോദിച്ച് കോപത്തോടെ അയാൾ നടന്നകന്നുപോയി. ഗുരു ഉടനെ ചാടിയെണീറ്റ് നടന്നകന്നു ആ മനുഷ്യനെ പിന്തുടർന്ന് ചോദിച്ചു. 'ഹേയ് മനുഷ്യാ ദൈവമില്ലാത്ത ദൈവസാന്നിധ്യമില്ലാത്ത ഒരു സ്ഥലം കാട്ടി തരുമോ' എന്ന് എന്തിനാണ് എന്ന യാത്രികന്റെ ചോദ്യത്തിന് ഉത്തരമായി ഗുരു പറഞ്ഞു 'കാൽ' ഒന്നു നീട്ടിവയ്ക്കാനാണ്.

സ്നേഹമുള്ളവരെ, മാറേണ്ടത് ഇനിയെങ്കിലും നമ്മുടെ മനോഭാവങ്ങളാണ്. അകവും പുറവും ഒരുപോലെ തൂവെണ്മ തുളുമ്പി നിൽക്കുന്ന അപ്പത്തെ ചോദ്യം ചെയ്തു, നമ്മുടെ മനോഭാവങ്ങളെ ന്യായീകരിക്കുന്നതിനപ്പുറം, സത്യവിശ്വാസത്തിലേക്ക് കടന്ന് വരാം. ഒരു ചെറുകാറ്റിൽ പറന്നുപോകുന്ന ഈ ഗോതമ്പപ്പത്തിൽ പല വലിയ കൊടുങ്കാറ്റുകളെ അടക്കിയവനാണ് ക്രിസ്തു എന്ന സത്യവിശ്വാസത്തിലേക്ക് നമുക്ക് കടന്നുവരാം. ഈ തിരുനാൾ ഒരു യഥാർത്ഥ ക്രിസ്തീയ വിശ്വാസത്തിലേക്കുള്ള യാത്രയാകാൻ സജീവസാന്നിധ്യമായ ക്രിസ്തുവിനോട് നമുക്ക് പ്രാർത്ഥിക്കാം. ◆